# അക്കാദമിക മാസ്റ്റർ പ്ലാൻ

ഗവ:മുഹമ്മദൻ എൽ.പി.എസ്

വെട്ടിയാർ

ജില്ല : ആലപ്പുഴ

ഉപജില്ല :മാവേലിക്കര

വിദ്യാഭ്യാസ ജില്ല :മാവേലിക്കര

# നിറവ്

2025-2026

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘു ചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
8. പദ്ധതി വിശദാംശങ്ങൾ (മേഖല, ഉപമേഖല പ്രവർത്തന ലക്ഷ്യം കാലം ചുമതല സാമ്പത്തിക വിശകലനം)
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിറ്ററിംഗ്
11. ഉപസംഹാരം

## അനുബന്ധം

1 വിദ്യാലയത്തിന്റെ സ്കെച്ച്, സൈറ്റ്പ്ലാൻ, ജൈവ വൈവിധ്യ പാർക്ക് രൂപരേഖ

2 വിളവുകൾ നേട്ടങ്ങൾ (നടപ്പുവർഷം, മുൻവർഷം)

3 കുട്ടികളുടെ എണ്ണം - മുൻ വർഷങ്ങളിൽ

4 നിലവിലെ കമ്മറ്റികൾ - അംഗങ്ങളുടെ പട്ടികകൾ

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | : ഗവ: മുഹമ്മദൻ എൽ പി എസ്<br>വെട്ടിയാർ<br>മാങ്കാംകുഴി - പി.ഒ<br>മാവേലിക്കര<br>690558 |
| 2 | സ്കൂൾ കോഡ് | : 36229 |
| 3 | വിദ്യാഭ്യാസ ഉപജില്ല | : മാവേലിക്കര |
| 4 | വിദ്യാഭ്യാസ ജില്ല | : മാവേലിക്കര |
| 5 | റവന്യൂ ജില്ല | : ആലപ്പുഴ |
| 6 | ബി. ആർ. സി | : മാവേലിക്കര |
| 7 | സി. ആർ. സി | : ഗവ: എൽ പി എസ് വെട്ടിയാർ |
| 8 | ഗ്രാമപഞ്ചായത്ത് | : തഴക്കര |
| 9 | ബ്ലോക്ക് പഞ്ചായത്ത് | : മാവേലിക്കര |
| 10 | ജില്ലാ പഞ്ചായത്ത് | : ആലപ്പുഴ |
| 11 | നിയമസഭാമണ്ഡലം | : മാവേലിക്കര |
| 12 | താലൂക്ക് | : മാവേലിക്കര |
| 13 | വില്ലേജ് | : വെട്ടിയാർ |
| 14 | ഇ-മെയിൽ | : 36229alappuzha@gmail.com |

## ആമുഖം

ആർഷഭാരത സംസ്കാരം വിദ്യാഭ്യാസത്തിനും അതിന്റെ വ്യാപനത്തിനും അമൂല്യമായ പ്രാധാന്യം കൽപിച്ചിരുന്നു. പൗരാണിക ഭാരതീയ വിദ്യാകേന്ദ്രങ്ങളായിരുന്ന നളന്ദ, തക്ഷശില എന്നിവയിൽ തുടങ്ങി ഹൈടെക് ക്ലാസ് മുറികളിൽ എത്തി നിൽക്കുന്ന ഉന്നതവിദ്യാഭ്യാസരീതി എന്നും ലോകത്തിന് മാതൃകയാണ്. ഭരണഘടനയുടെ അനുച്ഛേദം 21A പ്രകാരം വിദ്യാഭ്യാസം പൗരന്റെ മൗലികാവകാശമായി അംഗീകരിച്ച രാജ്യമാണ് ഭാരതം ഇന്ത്യയിൽ തന്നെ സാക്ഷരതയിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് സാധാരണക്കാർക്ക് എന്നും ആശ്രയമായി നിലകൊള്ളുന്ന പൊതു വിദ്യാലയങ്ങൾ സംരക്ഷിച്ചു നിർത്തേണ്ടത് ഓരോ വ്യക്തിയുടേയും ചുമതലയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സർക്കാർ വിഭാവനം ചെയ്യുന്ന കർമപദ്ധതികളുടെ ഭാഗമായിരിക്കുകയാണ് നമ്മുടെ വിദ്യാലയവും.

## ലക്ഷ്യങ്ങൾ

1 മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ നിലച്ചും സൗജന്യമായി വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക

2 അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർധിപ്പിക്കുക

3, എൽ കെ ജി മുതൽ നാലാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ

4 അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാകുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ

നിലവിൽ ഞങ്ങളുടെ വിദ്യാലയം ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ NCF, KCF വിദ്യാഭ്യാസ അവകാശനിയമം എന്നിവയെ അടിസ്ഥാനമാക്കിയുള്ളതും വിദ്യാലയത്തിന്റെ സമഗ്ര വികാസം ലക്ഷ്യമാക്കുന്നതും ആയിരിക്കും

## ചരിത്രം

തഴക്കര പഞ്ചായത്തിലെ ഏറ്റവും പഴക്കംചെന്ന കുടിപ്പള്ളിക്കൂടങ്ങളിൽ ഒന്നാണ് മുഹമ്മദൻ എൽ പി സ്കൂൾ. കാർഷിക ഗ്രാമമായിരുന്ന വെട്ടിയാറിന്റെ മണ്ണിൽ അറിവിന്റെ തിരകൾ ആദ്യമായി തുടങ്ങിയത് ഈ വിദ്യാലയത്തിൽ നിന്നാണ്. നാട്ടിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുതന്നെ ഇല്ലാതിരുന്ന കാലത്ത് കുടിപ്പള്ളിക്കൂടമെന്നോണം പുത്തൻപറമ്പിൽ മീരാവ് ലബ്ബയുടെ മകൻ വാവാലബ്ബയാണ് 1906ൽ ഇതിന് തുടക്കം കുറിച്ചത്. അക്കാലത്ത് മലയാളം ശ്രീ [illegible] പിള്ളയും അറബ്, ശ്രീ വാവാലബ്ബയും പഠിപ്പിച്ചിരുന്നു. 1935ൽ ഈ വിദ്യാലയം ഗവൺമെന്റ് ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം സമർപ്പിക്കുകയുണ്ടായി. ആദ്യകാലത്ത് മുസ്ലീം സഹോദരങ്ങളുടെ വിദ്യാഭ്യാസ കൂടുതൽ കാര്യക്ഷമമാക്കുക എന്ന ഉദ്ദേശത്തോടു കൂടി തുടങ്ങിയ ഈ വിദ്യാഭ്യാസ സ്ഥാപനത്തിൽ എല്ലാ കുട്ടികളും അറിവ് തേടി ഈ വിദ്യാലയത്തിൽ എത്തിയതോടുകൂടി കുട്ടികളുടെ എണ്ണം ക്രമാതീതമായി കൂടുകയും ചെയ്തു.

സ്വാതന്ത്ര്യത്തിനു ശേഷം 1945ൽ മുഹമ്മദൻ എൽ പി സ്കൂളിന്റെ നിലവിലുള്ള കെട്ടിടവും 95 സെന്റ് സ്ഥലവും ഗവൺമെന്റ് ഏറ്റെടുക്കുകയും 1965ൽ നിലവിലുള്ള ഓല ഷെഡ് പൊളിച്ച് ഇന്ന് കാണുന്ന അടച്ചുറപ്പുള്ള കെട്ടിടം ഗവൺമെന്റ് നിർമ്മിക്കുകയും ചെയ്തു.

പിൽക്കാലത്ത് നാടിന്റെ ഉറവിടം തേടി എത്തിയ ആയിരക്കണക്കിന് കുരുന്നുകൾക്ക് ഈ വിദ്യാലയം ഒരു പുത്തൻ ഉണർവ് നൽകി.

സാധാരണക്കാരുടെ മക്കൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ ഐടി പഠനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി മുൻ എം. എൽ.എ ശ്രീ കെ. കെ.ഷാജുവിന്റെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ഒരു കമ്പ്യൂട്ടർ അനുവദിച്ചു. 2015-16 അധ്യയനവർഷം ശ്രീ ആർ രാജേഷ് എം. എൽ. എയുടെ പ്രാദേശികവികസനഫണ്ടിൽ നിന്നും ഒരു കമ്പ്യൂട്ടറും പ്രിന്ററും ഇന്റർനെറ്റ് കണക്ഷനും ലഭിക്കുകയുമുണ്ടായി. കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള എല്ലാ സൗകര്യങ്ങളും (കുടിവെള്ളം, ബാത്ത്റൂം കഞ്ഞിപ്പുര, ചുറ്റുമതിൽ) ഇന്ന് ഈവിദ്യാലയത്തിൽ നിലവിലുണ്ട്. ഒന്നാം ക്ലാസിലേക്കാവശ്യമായ ബെഞ്ചുകൾ, ഡസ്കുകൾ ഓഫീസ് മുറിയുടെ സീലിംഗ്, തറയിൽ ടൈൽസ് പാകൽ കഞ്ഞിപ്പുര ചുറ്റുമതിൽ തുടങ്ങി നിരവധി വികസന പ്രവർത്തനങ്ങൾ മുൻ വർഷങ്ങളിൽ നടപ്പിലാക്കിയതാണ് - (പഞ്ചായത്തിന്റെ ധനസഹായത്താൽ)

ഇന്ന് മറ്റ് പലസർക്കാർ വിദ്യാലയത്തിലെയും പോലെ വിദ്യാർത്ഥികളുടെ കുറവും കെട്ടിടത്തിന്റെ കാലപ്പഴക്കവും വിദ്യാലയം നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. ഇവ പരിഹരിക്കപ്പെടുകൊണ്ട് വിദ്യാലയ വികസനം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനാവുന്നതാണ്-

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1, മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് എന്ന പൗലോ ഫ്രെയറുടെ സിദ്ധാന്തങ്ങളെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക

2, പഠനബന്ധിയായ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

3, ശുചിത്വം ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

4 പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ

5 ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

6, പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ

താൽക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

# പദ്ധതി രൂപീകരണ പ്രക്രിയ
## വിവിധ ഘട്ടങ്ങൾ

1. SRG യോഗത്തിൽ
വികസന കാഴ്ചപ്പാട് അവതരിപ്പിച്ചു. ചർച്ചകൾ നടത്തി.

2. വികസനാവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം - സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കി.

3. കരട് രൂപരേഖ SRG SMC MPTA, SSG ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിച്ചു.

4. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർത്ത് SMC നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കി.

# നിലവിലെ അവസ്ഥാ വിശകലനം

നിലവിൽ 41 കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ എല്ലാവരും തന്നെ BPL വിഭാഗത്തിൽപ്പെടുന്നവരും ദിവസവേതന വരുമാനത്തിൽപ്പെടുന്നവരുമാണ്. CPTA, SMC എന്നിവയിലൂടെ രക്ഷിതാക്കൾക്ക് ശാക്തീകരണം വിദ്യാലയത്തിൽ നടത്തിവരുന്നു. ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 4 അധ്യാപകരും പ്രീപ്രൈമറി അധ്യാപികയും ഇവിടെ സേവനം അനുഷ്ഠിക്കുന്നു. ക്ലാസ് തല ചാർജ്ജ് വഹിക്കുന്ന ഓരോ അധ്യാപകരും പ്രീപ്രൈമറി അധ്യാപികയും ഇവിടെ സേവനം അനുഷ്ഠിക്കുന്നു. ക്ലാസ് തല ചാർജ്ജ് വഹിക്കുന്ന ഓരോ അധ്യാപകരും IT, കല കായികം എന്നിവ ഉൾപ്പെടെ എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യുന്നു. കൂടാതെ സ്കൂൾ കലണ്ടറിനനുസൃതമായ ക്ലബ്ബ് പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ എന്നിവയും അധ്യാപകരുടെ നേതൃത്വത്തിൽ നടത്തിവരുന്നു.

## ഭൗതികം നേട്ടങ്ങൾ

പാതയോരത്തിലോട് കൂടിയ 95 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഈ സ്കൂളിന് 5 ക്ലാസ് മുറികളും ഒരു ഓഫീസ് മുറിയും ഉൾപ്പെടെ 6 മുറികളുണ്ട്. കുട്ടികളുടെ ശൗചാലയങ്ങൾ ഉണ്ട്. കുടിവെള്ള സൗകര്യമുണ്ട്.

## ഭൗതികം പരിമിതികൾ

സ്കൂൾ കെട്ടിടത്തിന് കാലപ്പഴക്കം നേരിടുന്നതിനാൽ പുതിയ കെട്ടിടം നിർമ്മിക്കേണ്ടതായുണ്ട്. കുടിവെള്ളത്തിനായി കിണർ നിർമ്മിക്കേണ്ടതായുണ്ട്. കുട്ടികളുടെ പാർക്ക് കമ്പ്യൂട്ടർ റൂം സ്റ്റേജ് എന്നിവ ആവശ്യമാണ്

## അക്കാദമിക നേട്ടങ്ങൾ

ഭാഷ ഗണിതം ശാസ്ത്രം എന്നിവയിലെ അടിസ്ഥാന ശേഷികൾ ഉറപ്പിച്ച് തുടർന്നുള്ള പഠനത്തിന് അടിത്തറയിടുന്നു. വർഷംതോറും സ്കൂൾ സബ്ജില്ലാതല മത്സരങ്ങളിൽ പങ്കെടുത്ത് കുട്ടികൾ മികച്ച പ്രകടനം കാഴ്ച വെക്കുന്നു നിരന്തര മൂല്യനിർണയത്തിലൂടെ കുട്ടികളെ വിലയിരുത്തി ആവശ്യമായ ഫീഡ്ബാക്കുകൾ നൽകി മികച്ച നിലവാരം ഉറപ്പുവരുത്തുന്നു.

## അക്കാദമിക പരിമിതികൾ

വിവിധ മത്സരപരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും മെച്ചപ്പെടുത്തേണ്ടത്. പൊതു വിജ്ഞാനം കൂടുതലായി കുട്ടികളിലേക്കെത്തിക്കേണ്ടതായുണ്ട്.

പ്രവൃത്തി പരിചയം, കായിക മേഖലകളുടെ പരിശീലനം വർധിപ്പിക്കേണ്ടതായുണ്ട്.

## പദ്ധതി വിശദാംശങ്ങൾ

പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് - ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് അനായാസമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 1 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 1 ദിവസം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം - 3

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തിയറ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ eg: skit, conversation, Role play drama etc | പ്രതിവാര പരിപാടി | ക്ലാസ്സ് ടീച്ചർ | |

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| → ഭാഷാശേഷി വികാസം | → ചിൽഡ്രൻസ് പാർക്ക് | → എസ്. എം. സി ശക്തിപ്പെടുത്തൽ |
| → ഗണിതശേഷി വികസനം | → സ്മാർട്ട് ക്ലാസ്സ്റൂം | → വിദ്യാലയ വികസന സമിതി |
| → ഇംഗ്ലീഷ് പഠന പരിപോഷണം | → ലൈബ്രറി | → പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| → ശാസ്ത്ര പോഷണ പരിപാടി | → അടുക്കള | → ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ. |
| ✓ → വായനാ പരിപോഷണം | → അസംബ്ലി ഹാൾ | → ക്ലാസ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ |
| → ലൈബ്രറി ശാക്തീകരണം | → കുടിവെള്ള വിതരണം | → വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| → ജൈവ വൈവിധ്യപാർക്ക് | → ഡൈനിംഗ് ഹാൾ | → ഭവന സന്ദർശനം |
| → ഐ.ടി പരിശീലനം | → മാലിന്യ സംസ്കരണം | → അങ്കണവാടി സന്ദർശനം. |
| ✓ → കലാ കായികമേള മേള | → ജൈവതോട്ട നിർമ്മാണം | |
| ✓ → പ്രവൃത്തിപരിചയ ശില്പശാല | | |
| → അധ്യാപക ശാക്തീകരണ പരിപാടികൾ | | |
| → ക്ലാസ്സ് PTA സജീവമാക്കൽ | | |
| → SRG ശാക്തീകരണം | | |
| → ഗണിതാന്തരീക്ഷമൊരുക്കൽ | | |
| → ടേം മൂല്യനിർണയം, നിരന്തരവിലയിരുത്തൽ | | |
| ✓ → ദിനാചരണം | | |
| → പഠനോത്സവം | | |

| | | |
|---|---|---|
| - കായികവിദ്യാഭ്യാസം [സുംബ]<br><br>- വിദ്യാരംഗം കലാസാഹിത്യവേദി<br><br>- സീഡ് പ്രവർത്തനം | | - സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം<br><br>- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ സമിതി |

പ്രവർത്തനം : കായിക വിദ്യാഭ്യാസം
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ വിദ്യാഭ്യാസത്തിൽ അനൗപചാരിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഉറപ്പാക്കുന്നു. | * സുംബാ ഡാൻസ് പരിശീലനങ്ങൾ<br>* അസംബ്ലിയിൽ സുംബാ ഡാൻസ് ഉൾപ്പെടുത്തൽ | എല്ലാമാസം | പരിശീലനം ലഭിച്ച അധ്യാപകർ | |

പ്രവർത്തനം : വിദ്യാരംഗം കലാ സാഹിത്യവേദി
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ വായന മെച്ചപ്പെടുത്തൽ | * പുസ്തക വായന<br>* രചനാ പരിചയ കുറിപ്പ് തയ്യാറാക്കൽ | പ്രതിമാസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ സമിതി
മേഖല : അക്കാദമികം, ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്കാദമികവും ഭൗതികവുമായ വികസനം | * സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ സമിതി രൂപീകരണം<br>* മീറ്റിംഗുകൾ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | PTA<br>HM<br>അധ്യാപകർ | |

പ്രവർത്തനം : സീഡ്
മേഖല : അക്കാദമികം, സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * പ്രകൃതിയെ കൂടുതൽ അറിയൽ<br>* പ്രകൃതി സംരക്ഷണം<br>* കൃഷി | * കൃഷിത്തോട്ടനിർമ്മാണം<br>* ലഹരിക്കെതിരെ ബോധവൽക്കരണം<br>* പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ<br>P.T.A | |

പ്രവർത്തനം : സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ്.
മേഖല : സാമൂഹികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * സ്കൂളിന്റെ വികസനത്തിനായി പൊതുജനങ്ങളുടെ സഹകരണം ഉറപ്പാക്കുക. | * ജാഗ്രതാ സമിതി രൂപീകരിക്കുക<br>* മീറ്റിംഗുകൾ സംഘടിപ്പിക്കുക. | മാസത്തിൽ ഒന്ന് | PTA<br>HM<br>അധ്യാപകർ | |

പ്രവർത്തനത്തിന്റെ പേര്: ക്ലാസ്സ് പി.ടി.എ സജീവമാക്കൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കുട്ടികളുടെ പഠനം കൂട്ടുതൽ മെച്ചപ്പെടുത്താൻ | ക്ലാസ്സ് PTA കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച എന്നിവയുണ്ടാകണം. | പ്രതിമാസ പരിപാടി | ക്ലാസ്ടീച്ചർ | |

പ്രവർത്തനത്തിന്റെ പേര്: പോഷകാഹാര പരിപാടി

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്തമെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, HM, ഉച്ചഭക്ഷണ കമ്മിറ്റി SMC | |

പ്രവർത്തനത്തിന്റെ പേര് : മേളകൾ

മേഖല / ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക. | സ്കൂൾ തല ശാസ്ത്രമേളകളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം . | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | |

പ്രവർത്തനത്തിന്റെ പേര് : പച്ചക്കറിത്തോട്ടം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി എസ്.എസ്.ജി | |

പ്രവർത്തനത്തിന്റെ പേര് : ജൈവ വൈവിധ്യ പാർക്ക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | SRG | |

## പ്രവർത്തനത്തിന്റെ പേര് : പൂർവ്വവിദ്യാർത്ഥിസംഗമം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ-പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളുമായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ, അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ 2പ്രാവശ്യം | എസ്.എസ്.ജി ദ എസ്.പി | |

## പ്രവർത്തനത്തിന്റെ പേര് : അങ്കണവാടി കലോത്സവം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ നവാഗതരാകേണ്ടവർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയത്തിന്റെ പരിസരത്തുള്ള അങ്കണവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കൽ, | വർഷത്തിൽ ഒരുപ്രാവശ്യം | എസ്.എം. സി | |

പ്രവർത്തനത്തിന്റെ പേര്: പഠനോത്സവം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ അക്കാദമിക പ്രവർത്തനങ്ങൾ സമൂഹവുമായി പങ്കുവയ്ക്കുന്നു. | പി.ടി.എ, അധ്യാപകർ എന്നിവരുടെ സഹകരണത്തോടെ വിദ്യാലയത്തിന് പുറത്ത് കുട്ടികളുടെ അക്കാദമിക മികവുകൾ പ്രദർശിപ്പിക്കുന്നു. | വർഷത്തിൽ 1 പ്രാവശ്യം | പി.ടി.എ SRG | |

പ്രവർത്തനത്തിന്റെ പേര്: പി.ടി.എ സർഗ്ഗോത്സവം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അധ്യാപക രക്ഷാകർതൃ ബന്ധം മെച്ചമാക്കുക. | പി.ടി.എ അധ്യാപകർ സംയുക്തമായി വിവിധ കലാപരിപാടികൾ കുട്ടികൾക്ക് വേണ്ടി അവതരിപ്പിക്കൽ. കുട്ടികൾ രക്ഷിതാക്കൾക്ക് സമ്മാനങ്ങൾ നൽകൽ, കുട്ടികളുടെ ജഡ്ജസ് പാനൽ വിലയിരുത്തൽ | വർഷത്തിൽ ഒരുപ്രാവശ്യം | PTA SRG | |

പ്രവർത്തനത്തിന്റെ പേര് : പുതിയമന്ദിരം / അസംബ്ലിഹാൾ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സൗകര്യമൊരുക്കി അക്കാദമിക് പ്രവർത്തനം കാര്യക്ഷമമാക്കൽ | അഡ്മിനിസ്ട്രേറ്റീവ് കം അസംബ്ലി ഹാൾ എന്ന പുതിയ മന്ദിരം. മഴക്കാലത്തും സുഖപ്രദമായ അന്തരീക്ഷത്തിൽ അസംബ്ലി ചേരുവാൻ സാധിക്കുന്നു. | | | 10 ലക്ഷം |

പ്രവർത്തനത്തിന്റെ പേര് : കിഡ്സ് പാർക്ക്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | പ്രധാന മന്ദിരത്തിന് മുന്നിലുള്ള മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ മുറ്റം ഉയരം കൂട്ടി റിഡ്ജ്‌വർക്ക് ചെയ്യാൻ | | | 7 ലക്ഷം |

പ്രവർത്തനത്തിന്റെ പേര് : ഡൈനിംഗ് ഹാൾ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം ആരോഗ്യ പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | | എം.എസ്. ഡി.പി | 5 ലക്ഷം |

പ്രവർത്തനത്തിന്റെ പേര് : ഗ്രന്ഥശാലാ ശാക്തീകരണം

ഉപമേഖല ; ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്താൻ. പുസ്തകങ്ങൾ വർഗീകരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എസ്.എം.സി ക്ലാസ് ടീച്ചർ | സ്പോൺസർ |

പ്രവർത്തനത്തിന്റെ പേര് : സർഗോത്സവം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സർഗശേഷി വികസിപ്പിക്കൽ | കുട്ടികളുടെ കലാപരമായ കഴിവുകൾ വികസിപ്പിക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം കലാസാഹിത്യ വേദി. | |

പ്രവർത്തനത്തിന്റെ പേര് : രചനാ ശില്പശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ | സർഗാത്മക രചനകളിൽ (കഥ, കവിത) രൂപപ്പെടുന്ന ഉൽപന്നങ്ങൾ ക്ലാസ്റൂമിലെ പഠന സാമഗ്രിയായി ഉപയോഗിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | |

പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ 4

ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജിയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

പ്രവർത്തനത്തിന്റെ പേര് : ഗണിതാന്തരീക്ഷം ഒരുക്കൽ

മേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഗണിതം മധുരമാക്കാൻ | ജ്യാമിതീയ രൂപങ്ങൾക്കും ഗണിതത്തിനും പ്രാധാന്യം നൽകി ക്ലാസ്സ് മുറികളിൽ ഗണിതാന്തരീക്ഷം ഒരുക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | |

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര പോഷിണി പരിപാടി

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്താൻ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, മറ്റിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിവാര പരിപാടി | സയൻസ് ക്ലബ്ബ് | |

പ്രവർത്തനം - 4

പേര് : പദപ്രശ്ന നിർമ്മാണം

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി വിശകലന |
| --- | --- | --- | --- | --- |
| കുട്ടികളുടെ മികച്ച ഭാഷാ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിവാര പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് ചുമതല | |

പ്രവർത്തനം - 5

പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി വിശകലന |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് പഠനത്തിലും വ്യക്തികൾ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ, കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ദിനംപ്രതി ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിവാര പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനത്തിന്റെ പേര് : കുടിവെള്ള വിതരണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുദ്ധജലം ഉപഭോഗം ലഭ്യമാക്കൽ | ശുദ്ധജല വിതരണ ശൃംഖലയിലെ ജലം, കിണറുകളിലെ ജലം, എന്നിവ കൃത്യമായി പരിശോധിക്കുന്നതിനുള്ള ക്രമീകരണം. | | എസ്.എം.സി | 1 ലക്ഷം |

പ്രവർത്തനത്തിന്റെ പേര് : മാലിന്യ സംസ്കരണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | | | |

പ്രവർത്തനത്തിന്റെ പേര് : മൈതാന നിർമ്മാണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധതരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ വിവിധ സൗകര്യങ്ങളോടുകൂടിയ വിശാലമായ മൈതാനം നിർമ്മിക്കൽ | | | 5 ലക്ഷം |

## പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)

* ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
* സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത് കരിക്കപ്പെടുന്നു.
* വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു
* മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
* വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു

## മോണിട്ടറിംഗ് രീതി

* ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.
* സോഷ്യൽ മോണിട്ടറിംഗ് രീതി (പി.ടി.എ, എം.പി.ടി.എ എസ്.എസ്.ജി, എസ്.ആർ.ജി, ഒ.സ്.എ എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കണം
* ദൈനം ദിന മോണിറ്ററിംഗ് എച്ച്.എം. എസ്. ആർ.ജി കൺവീനർ, പി.ടി.എ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

# ഉപസംഹാരം

പൊതുവിദ്യാഭ്യാസ രംഗം നേരിടുന്ന പ്രശ്നങ്ങൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിതിനുള്ള കർമ്മ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഇതിൽ സമൂഹത്തിന് നിർണായകമായ റോളാണ് ഉള്ളത്. സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ വികസനത്തിന് സമൂഹത്തിന് വൈവിദ മാർന്ന ഇടപെടലും നടത്താൻ കഴിയും. സമൂഹം ഒരു വിദ്യാലയത്തിൽ നിന്നു കൂടുതൽ പ്രതീക്ഷിക്കുന്നു. അവരുടെ പ്രതീക്ഷയ്ക്കപ്പുറമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു കൊണ്ടുമാത്രമേ സമൂഹത്തിന്റെ വിശ്വാസം ആർജ്ജിക്കാനാവൂ. കുട്ടിയുടെ സമഗ്ര വികസന ലക്ഷ്യത്തോടെ ഓരോ ക്ലാസ്സുകളിലേയും സന്തുലിതാനുഭവങ്ങൾ ഒരുക്കുക വഴി അധ്യാപകർക്ക് വിദ്യാലയ പ്രവർത്തനത്തിൽ പൂർണമായി മുഴുകാനും തന്റെ വിദ്യാലയത്തെ കുറിച്ച് അഭിമാനം കൊള്ളാനും കഴിയേണ്ടതുണ്ട് നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-2026

## S.t.d. I

ഭാഷ

ഗവ: മുഹമ്മദൻ എൽ.പി.എസ്
വെട്ടിയാർ

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികാസമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായി പ്രതികരണങ്ങൾ ശില്പശാല സംയുക്തഡയറി, സചിത്രപുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർപ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സാധ്യമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തന ഘട്ടങ്ങളിലൂടെ രക്ഷിതാവും കുട്ടിയും അധ്യാപികയും ഇറങ്ങിച്ചെല്ലുന്ന സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയനവർഷത്തിൽ ജൂൺ മുതൽ മാർച്ച് വരെ കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതകളുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഉൾക്കൊള്ളിച്ചാണ് മാസ്റ്റർപ്ലാൻ തയാറാക്കിയത്.

# ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വതന്ത്രവ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക

* എല്ലാ കുട്ടികളെയും ലളിതമായി ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

* എല്ലാ കുട്ടികളുടെയും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ എഴുതി ഉ കടിപ്പിക്കുന്നതിനുള്ള കഴിവ് നേടുക.

* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെട്ട് നവമാധ്യമങ്ങളിൽ പങ്കിടൽ.

* ലളിതമായ വായനക്കാർഡുകളുടെ നിർമാണം വായന കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചനകൾ ശില്പശാലകൾ നടത്തുന്നു.

* തിയേറ്റർ സാധ്യതകൾ വായനക്കളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുക.

* ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ കഥ, കവിതകൾ എഴുതുന്നു. വായിക്കുന്നു.

* കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറു കഥാ പുസ്തകം രൂപപ്പെടുത്തുന്നു.

* ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.

* സർഗശേഷികൾ കൈവരിക്കുന്നു.

* ആശയം ഗ്രഹിച്ച് മറ്റു വ്യവഹാരരൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.

* പാടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.

* കുഞ്ഞ് ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

* സ്വന്തമായി എഴുതുവാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരാകുന്നു.

* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്ര പുസ്തകം തയ്യാറാക്കുന്നു.

* സംഘങ്ങളായി മെച്ചപ്പെടുത്തൽ.

## ജൂൺ

* സചിത്രനോട്ട്ബുക്ക്, സചിത്രപുസ്തകം അക്കാദമിക മാസ്റ്റർപ്ലാൻ എന്നിവ തയ്യാറാക്കൽ
* സംയുക്തഡയറി, സചിത്രബുക്ക് എന്നാശയങ്ങൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
* അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം.
* ചിത്രകാർഡുകൾ, വായനക്കാർഡുകൾ നിർമ്മാണ ശില്പശാല
* താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ.

## ജൂലൈ

* സംയുക്തഡയറി എഴുതാൻ സഹായമൊരുക്കൽ കുട്ടികൾക്ക് കഥ പറയാൻ അവസരമൊരുക്കൽ
* വായനാമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്തഡയറി എഴുതുന്നു.
* പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തുനോക്കാനും അവസരമൊരുക്കുന്നു.
* ചെറിയ കഥകൾ കേൾക്കാനവസരം
* അക്ഷരപ്പാട്ടുകളിലൂടെ അക്ഷരമുറപ്പിക്കുന്നു.
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.

# ആഗസ്റ്റ്

* റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല
* പാട്ടരങ്ങ് മധുരം മലയാളം പ്രവർത്തനങ്ങൾ
* ഭാഷാവികാസത്തിന് അവസരം ഒരുക്കുന്നു.
* സംയുക്തഡയറി എഴുത്ത് തുടങ്ങുന്നു.
* പാഠപുസ്തക രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
* അഭിനയപ്പാട്ടുകൾ ചിത്രവായനാകാർഡുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു
* രചനോത്സവത്തിൽ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു
* ആശയഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ എത്തപ്പെടുന്നു.

# സെപ്റ്റംബർ

* സംയുക്തഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
* അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സാധ്യമാക്കാൻ അവസരം ഒരുക്കുന്നു.
* വ്യക്തിഗത രചനയ്ക്കവസരം
സ്വന്തം രചയിതാക്കളും വായനക്കാരുമായി മാറുന്നു

# ഒക്ടോബർ

* വായനോത്സവം സംഘടിപ്പിക്കുന്നു.
* ആസ്വാദ്യകരമായ വായന നടത്തുന്നു.
* ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
* ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നു.
* ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

# നവംബർ

* സംയുക്തഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
* കൂട്ടവായന, നാട്ടുവായന, വീട്ടുവായന ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
* വായനോത്സവം തുടരുന്നു.
* രചനോത്സവം തുടരുന്നു.
* ചിത്രവായനയ്ക്ക് അവസരം ഒരുക്കൽ
* താളാത്മകമായി കവിതകൾ ചൊല്ലുന്നു.

* സംയുക്ത ഡയറിയിൽ കൂടി എഴുത്ത് കൂടുതലാക്കുന്നു.
* ചിത്രവായന നടത്തുന്നു.
* ചെറിയ വായനക്കാർഡുകൾ ബാലസാഹിത്യ കൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ടവായന നടത്തുന്നു.
* ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
* ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
* ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

## ഡിസംബർ

* ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കൽ.
* രചനാ ശേഷി പരിപോഷിപ്പിക്കൽ.
* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
* രണ്ടോ മൂന്നോ പേരടങ്ങുന്ന ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.

* ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
* കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ എഴുതുന്നു പറയുന്നു.
* സാഹചര്യോചിതമായ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണ്ണതയോടെ എഴുതാൻ കഴിവ് നേടുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* പരസ്പര ചിന്തന ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
* സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

* കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനുള്ള ലഘു ശിൽപശാലകൾ നടത്തുന്നു.
* തിയേറ്റർ സാധ്യതകൾ വായനാ കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* കുട്ടികൾ എഴുതിയ ചെറുകഥകൾ കവിതകൾ എന്നിവയുടെ പ്രകാശനം
* സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട് ഫോളിയോയിൽ സൂക്ഷിക്കുന്നു.
* കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിന് മുൻപിൽ അവതരിപ്പിക്കുന്നു.

* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കൈയെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
മികവുകൾ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നു.

## ഫെബ്രുവരി

* ഭാഷോത്സവം, രചനോത്സവം എന്നീ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പാക്കുന്നു.
* കുട്ടികളുടെ രചനകൾ മാഗസിനുകളാക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
* ആശയ പൂർണതയോടെ തനതായ രചനകൾ നടക്കുന്നു.
* ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ സാന്നിധ്യം ഉറപ്പാക്കുന്നു.
* സ്വന്തമായി രചനകൾ ചേർത്ത് കൈയെഴുത്ത്

## മാർച്ച്.

* കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിലാക്കി പ്രകാശനം ചെയ്യുന്നു.

* വീട്ടുവായന കൂട്ടവായന, നാട്ടുവായന അമ്മവായന, ചങ്ങലവായന, സ്വന്തവായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.

* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

## വിലയിരുത്തൽ പ്രവർത്തനങ്ങൾ

* കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ടോ?
കുട്ടികളുടെ മികച്ച സ്വതന്ത്ര രചനകൾ വായനക്കാർഡുകളായി മാറിയിട്ടുണ്ടോ?

* രചനോത്സവം പോലുള്ള പ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ടോ?

* കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കിയോ?

* മികവുകൾ സമൂഹത്തിന് മുന്നിലെത്തിക്കുന്നു.

* സംയുക്തഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.

* സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പാക്കുന്നു.

* സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ സാധ്യതകൾ ഉറപ്പാക്കുന്നു.

* ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിന്റെ മികവുകളുടെ അവതരണം.

* സചിത്ര പാഠപുസ്തകത്തിലെ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.

# അക്കാദമിക
# മാസ്റ്റർപ്ലാൻ
# ഗണിതം

## Std: I

ഗവ: മുഹമ്മദൻ എൽ.പി.എസ്
വെട്ടിയാർ.

# ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചു കൂടാൻ പറ്റാത്തതാണ്. ട്രാഫിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്നോക്കം പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്നു തന്നെ ലളിത പ്രവർത്തനങ്ങൾ ആസൂത്രണമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ

* ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു. എഴുതുന്നു.
* അഞ്ചുവരെയുള്ള എണ്ണത്തെ പകുതി, തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു
* അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു
* ഒറ്റസംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു വായിക്കുന്നു.
* ഒമ്പതിൽ താഴെവരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് ഒന്ന് കൂട്ടിയാൽ തൊട്ടിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
* സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ അടുക്കുന്നു.

* രണ്ട് അക്ക സംഖ്യകളുടെ സങ്കലനം
* രണ്ട് അക്ക സംഖ്യകളുടെ വ്യവകലനം
* ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം
* ഒന്നുമുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
* ഒരക്ക സംഖ്യ പാറ്റേൺ രൂപീകരിക്കൽ.
* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിതപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

## ജൂൺ

* സംഖ്യകൾ തിരിച്ചറിയുന്നു.
* സംഖ്യാകാർഡ് നിർമ്മിക്കൽ.

## ജൂലായ്

* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുക.
* സംഖ്യാകാർഡ് തയ്യാറാക്കുക.

## ആഗസ്റ്റ്

* ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. കൂടുതൽ കുറവ് തിരിച്ചറിയുന്നു.
* ഗണിതകിറ്റ് സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിലേർപ്പെടുന്നു.

## സെപ്തംബർ

* സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
ഒരക്ക സംഖ്യകളുടെ സങ്കലനം, വ്യവകലനം.

* ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്
സംഖ്യാഗാനങ്ങൾ ആലപിക്കൽ

## ഒക്ടോബർ

* ഒറ്റസംഖ്യ ഇരട്ടസംഖ്യ തിരിച്ചറിയൽ
* വലിയസംഖ്യ ചെറിയസംഖ്യ ''
* ഉല്ലാസഗണിത പ്രവർത്തനങ്ങൾ

## നവംബർ

* സംഖ്യാഗാനങ്ങൾ പാടുന്നു, രേഖപ്പെടുത്തുന്നു
* ഒരക്ക സംഖ്യ രണ്ടക്കസംഖ്യ ത്തിലൂടെ ഉള്ള സങ്കലന പ്രവർത്തനങ്ങളിലേർപ്പെടൽ

## ഡിസംബർ

* സംഖ്യകൾ ആരോഹണ, അവരോഹണ ക്രമത്തിലാക്കൽ
* ഗണിത ആൽബം തയാറാക്കൽ

## ജനുവരി

* ഒരക്ക സംഖ്യ രണ്ടക്കസംഖ്യ വ്യവകലന പ്രവർത്തനങ്ങൾ സങ്കലന വ്യവകലന ചിഹ്നങ്ങൾ തിരിച്ചറിയൽ
* 1 to 10 സംഖ്യകളുടെ വ്യാഖ്യാനം

## ഫെബ്രുവരി

* ഗണിത ആൽബം PTA യിൽ പ്രദർശനം
* വിലവിവര പട്ടിക പ്രശ്നവിശകലന പ്രവർത്തനങ്ങൾ

## മാർച്ച്

* ഗണിതശാസ്ത്ര വർക്ക്ഷീറ്റുകളുടെ പൂർത്തീകരണം
* ലളിതമായ ഗണിത ക്രിയകളിലേർപ്പെടൽ
* ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ
* സംഖ്യകളുടെ പകുതി, മൂല്യം തിരിച്ചറിയൽ

Academic Master plan

2025-2026

Std. 1

English

The goal for the first grader is to handle english fluently. The first grader must go from small words to big words. They must be able to read write and speak English. Every child should be able to speak english fluently, like malayalam. we have to keep the language english close to our heart.

The academic master plan is designed to ensure that not a single child goes illiterate.

## objectives and learning outcomes.

* Respond to simple instruction in the classroom.
* Describe orally about the pictures and objects
* familiarise with simple words.
* Enjoy songs and sings them with Rhythm and action
* Familiarise the names of birds, animals, their young ones and identifies them from pictures,

### June

* Introduce symbol words
* provides picture cards.

### July

* identify familiar words.
* Say familiar words
* Read familiar words
* write familiar words.

## August

* Enjoy Songs and Sings them with Rhythm and action.
* Describes orally about pictures and objectives using adjectives.

## September

* Read and write Simple words and simple Sentences
* provides picture cards and reading cards.

## october

* Introduce Symbol picture descriptions.
* make word chain, Sentence chain.
* Make riddles
* Describing words, rhyming words
* Text book activities.

## November

* prepare reading Cards
* Provide more opportunities to read, right and Speak English.
* writes five English words daily.

## December

* Read and understand simple instructions in the class room.
* Encourage digital reading.

## January

* Enjoy songs and sings them with Rhythm and action.
* Make picture albums.
* Collect pictures of animals and its young ones.

## February

* provide the opportunity to express myself in the class room.
* English assembly once in a week.

## March.

* Speaks English fluently
* Read and write simple sentences
* picture reading and picture description

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025 - 2026

## ക്ലാസ്സ് : 2

ഗവ. മുഹമ്മദൻ എൽ. പി. എസ്
വെട്ടിയാർ

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക സമൂഹത്തിലെ എല്ലാവിഭാഗം കുട്ടികളെയും വിദ്യാലയ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2025-26 അധ്യയന വർഷത്തിൽ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത് വായന മാറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം ഇടുന്നത്. പുതിയവർഷത്തിൽ ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈപ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നു.

പഠനപ്രവർത്തനങ്ങൾ ശിശുസൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരമാക്കുകയും ചെയ്യുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ

ഉൾപ്പെടുത്തിയിരിക്കുന്നു കൂടാതെ സ്വയമേറ്റെടുക്കൽ മനോഭാവം വളർത്തൽ, സ്വയം വിലയിരുത്തൽ അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം

## ആമുഖം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ' തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക

* ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

* ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

* ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം, ലഘു വിവരണം കഥ എന്നിവ തയ്യാറാക്കുന്നു.

* അക്ഷരം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാപൂരണം).

## മുന്നൊരുക്കം

* പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

* കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാകുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

## പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

## ജൂൺ

- ചിത്രകാർഡുകൾ നൽകൽ
  (ചിത്രവും പദവും ഉൾക്കൊണ്ട്)
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- വായനാ സാമഗ്രികൾ നിർമിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

## ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ആഗസ്റ്റ്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടു ലൈബ്രറി ഒരുക്കൽ
- ചിത്ര വിവരണം
- വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

## ഒക്ടോബർ

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
- വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

ഉദാ:- ആന
വലിയ ആന
കറുത്ത വലിയ ആന

## നവംബർ

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു

## ഡിസംബർ

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

## ജനുവരി

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാപൂരണം)
- ലഘു വിവരണങ്ങൾ, പ്രതികൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

## ഫെബ്രുവരി

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)
- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ

## മാർച്ച്

- വ്യക്തിഗതവായനയെ പ്രോത്സാഹിപ്പിക്കൽ.
- ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
- വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ.

# അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യുന്നു എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് "ഉല്ലാസഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്
- ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ

## മുന്നൊരുക്കം

- ഗണിതാശയങ്ങളിൽ കൂടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തന ലക്ഷ്യം

- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

## ജൂൺ

- 1, 2, 3, 4 . . .
  1, 3, 5, 7 . . .
  10, 20, 30, 40 . . .
  5, 10, 15, 20, 25 . . .
  2, 4, 6, 8 . . . തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
- ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയോട്, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

## ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ
  (5+5=10, 10+10=20)

## ആഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
  99നോട് 1 കൂട്ടിയാൽ 100. 10 പത്തുകൾ ചേർന്നാൽ 100 ആകും 100 ഒന്നുകൾ ചേർന്നതാണ് 100
- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

## സെപ്റ്റംബർ

- ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വിലവിവരപ്പട്ടിക തയ്യാറാക്കൽ
- ക്ലാസിലൊരുകട സ്കൂളിലൊരു കട. ഗണിതങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു

## ഒക്ടോബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
- സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ—

(പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

(5. . .10. . . 15. . . 20. . . 25)

(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

## നവംബർ

- സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
- പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടിയുണ്ടാക്കി സംഖ്യ എഴുതൽ
- "ക്ലാസിനൊരു" കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ.
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ.

  10 രൂപ + 5രൂപ = 15 രൂപ

  നോട്ട് നാണയം.

## ഡിസംബർ

- സംഖ്യാബോധം തിരിച്ചറിവിൽ സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
- സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)
- രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

## ജനുവരി

- വിലവിവരപ്പട്ടിക തയ്യാറാക്കൽ.
വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ
പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ
- സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

## ഫെബ്രുവരി

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ.
- ഉല്ലാസ ഗണിത materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ.
ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

## മാർച്ച്

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്.
മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

**2025 - 2026**

## STD: III

# മലയാളം : മാസ്റ്റർ പ്ലാൻ

## ആമുഖം

കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ആഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും മാനസികവും വൈജ്ഞാനികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത്. ഈ വർഷം മൂന്ന് മുതൽ ഏഴാം ക്ലാസ്സ് വരെയുള്ള ക്ലാസുകളിൽ നടപ്പിലാക്കുന്നതും വിവിധ സ്വഭാവമുള്ളതുമായ പരിപാടികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്.

## ലക്ഷ്യങ്ങൾ

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ,

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
- കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- രചനകൾ ഭാവാത്മകമായി വായിക്കും.
- ആസ്വദിച്ച ഭാഷാശൈലികൾ ഹൃദിസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
- ലഘുവായ സർഗാത്മക രചനകൾ നടത്തും.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും.
- കഥകളും കവിതകളും മറ്റും നാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.

| പ്രവർത്തനം | കാലം | ചുമതല |
|---|---|---|
| 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം. | ജൂൺ | അധ്യാപകർ SMC |
| 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ - ഡിസംബർ | അധ്യാപകർ SMC |
| 3) ചിത്രഗാലറി | ജനുവരി | രക്ഷിതൃ |
| 4) പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | ജൂലൈ | വായനശാല SMC, SRG |
| 5) വായനാക്കളരി | ആഴ്ചയിൽ | SRG |
| 6) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്റ്റ് | ലൈബ്ര: കൗൺസിൽ |
| 7) ക്ലാസ് ലൈബ്രറിയിൽ കൃതികൾ ഒരുക്കി വയ്ക്കൽ | നവംബർ | SRG, SMC |
| 8) CPTA സംഘടിപ്പിക്കൽ, കുട്ടികളുടെ രചനകൾ അവതരിപ്പിക്കൽ | എല്ലാ മാസവും | SRG SMC |
| 9) മഹാപതിപ്പ് തയ്യാറാക്കൽ | ഡിസംബർ | SRG |

# English - Academic Master Plan

Aim:- To speak, read and write English without any mistakes.

Time : June to March

| Time | Activities |
| --- | --- |
| June to March | • To check the vocabulary and writing skills of pupils. |
| June & July | • Pre test<br>To develop listening skills and reading skills.<br>Listening skills: Games, Action songs.<br>• Hello English Activities<br>• Conversations<br>• Skit Stories<br>• Use ICT<br>Speaking skills:- Identify the naming words from the picture |

| | |
|---|---|
| | • Identify the action words from the picture.<br>Make the simple sentences using the word about picture.<br>Make simple description about the picture<br>- Growing sentences, picture reading, self introductions. |
| August and September | • Develop the creative speaking and writing.<br>• Reading skills<br>Books reading<br>Find words<br>collect and read past tense<br>Rhyming words<br>TB Activities<br>• Writing skills<br>make word web<br>picture description<br>word chain<br>make words and sentences |

| | |
|---|---|
| | make riddles, conversations<br>Add more lines. |
| October and November | • To express thoughts, feelings etc<br>Reading skills<br>- Library book reading<br>• Conversations, skit, stories use ICT<br>Read notice<br>Develop story<br>• ~~writing skills Des~~<br>writing skills<br>• Description<br>• Thoughts |
| December and January | Develop the creative speaking and writing<br>Reading skills.<br>• Library books reading<br>• Conversations, skit stories use ICT<br>• Develop story<br>• Reads diary |

| | |
|---|---|
| | writing skills<br>Daily<br>Announcement |
| February and March | • To improve the presentation power<br>Reading skills<br>Library books reading<br>Conversations, skits stories<br>Develop story.<br><br>writing skills:<br>• Daily<br>• Descriptions<br>• Thoughts<br>• Exhibition |

# ഗണിതം : മാസ്റ്റർ പ്ലാൻ

## ആമുഖം

ഒന്ന്, രണ്ട് ക്ലാസിലെ അറിവുകൾ അടിസ്ഥാനമാക്കി വ്യക്തമായ ധാരണയോടും ശേഷികൾ കൈവരിച്ചുവരുന്നവരാണ് മൂന്നാം ക്ലാസിലെ കുട്ടികൾ. ആയതിനാൽ അവരിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങൾക്ക് തന്നെയാണ് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടിയിരിക്കുന്നത്. ഗണിത വിഷയത്തിന് പ്രാധാന്യം നൽകുന്ന കർമ്മ പദ്ധതി രൂപ കൽപന ചെയ്യേണ്ടതുണ്ട്. കുട്ടികളിൽ തുല്യത്യം/ ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പിക്കാൻ ഈ ദൗത്യം കൊണ്ട് പൂർത്തിയാക്കേണ്ടത് ആവശ്യമാണ്.

## ലക്ഷ്യം

* ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം

* ഗണിതം ലളിതമാക്കാം കുട്ടികളിലൂടെ

* യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്ന പരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ഗണിതം സഹായകമാണ്.

| പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- |
| * ഒറിഗാമി ശില്പശാല ഘടകമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളും ആസൂത്രണവും. ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG SMC |
| * ക്വിസ് കോർണർ | ജനുവരി | SRG, SMC |
| * 1 മുതൽ വരെയുള്ള ഗുണന പട്ടിക കുട്ടികൾ അടിസ്ഥാനങ്ങൾ ശേഖരിച്ച് കാണാതെ എഴുതുന്നു. | നവംബർ, ഡിസംബർ | SRG |

# പരിസരപഠനം : മാസ്റ്റർപ്ലാൻ

## ആമുഖം

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യത്യസ്ത പ്രവർത്തനങ്ങളിൽ തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടത്. പരിസരപഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തേണ്ടതുണ്ട്. പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തേണ്ടത് നമ്മുടെ കടമയാണ്. സഹജീവി സ്നേഹം, അറിവ്, ആർദ്രത, സഹിഷ്ണുത, അനുകമ്പ, ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരന്മാരാക്കി മാറ്റുക.

## ലക്ഷ്യം

* ശാസ്ത്രാവബോധം വളർത്തുക.

* പ്രകൃതി വിഭവ സംരക്ഷണം

* ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ

* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

* ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക.

| മാസം | പ്രവർത്തനങ്ങൾ | വിന്യാസ സംവിധാനം |
| --- | --- | --- |
| ജൂൺ | • ചെടികൾ നിരീക്ഷിക്കുന്നു<br>• പ്രകൃതി നടത്തം<br>• വിത്തുമുളപ്പിക്കൽ<br>• വ്യത്യസ്തതരം സസ്യങ്ങൾ പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു<br>• പരിസ്ഥിതി ദിനാചരണം<br>• ഹരിതകാർഡ് നിർമ്മാണം | S.R.G |
| ജൂലൈ | വ്യത്യസ്തതരം ജീവികളെ നിരീക്ഷണം, ചിത്രശേഖരണം,<br>• മണ്ണ് നിരീക്ഷണം<br>• ജൈവവൈവിധ്യ ഉദ്യാന നിർ-മ്മാണം. | PTA, SRG |
| മഴവർഷം | • സ്കൂൾ സയൻസ് ക്ലബ്ബ് പ്രവർ-ത്തനങ്ങൾ | SRG, PTA |
| ആഗസ്റ്റ് | • മഴമാപിനി നിർമ്മാണം<br>• ജലസംരക്ഷണ പോസ്റ്റർ നിർമ്മാണം.<br>• കിണർ സന്ദർശനം<br>• മണ്ണ് നിരീക്ഷണം<br>• മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ<br>• മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷ-ണങ്ങൾ<br>• ആൽബം പടം തയ്യാറാക്കൽ | SRG |

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
| --- | --- | --- |
| സെപ്റ്റംബർ | • ശുചിത്വ പോസ്റ്റർ നിർമ്മാണം<br>• ആരോഗ്യ ബോധവൽക്കരണ സെമിനാർ<br>• Interview - ആരോഗ്യ പ്രവർത്തകർ | SRG, PTA |
| ഒക്ടോബർ | • ഫീൽഡ് ട്രിപ്പ് - പഴ/പച്ചക്കറി കട<br>• Food festival<br>• എന്റെ ആരോഗ്യകാർഡ് - ഓരോ കുട്ടിയും BMI കാണുന്നു.<br>• സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ<br>• ശരിയായ ഭക്ഷണ ശീലം - പോസ്റ്റർ | PTA, MPTA<br>SRG |
| നവംബർ | • ആരോഗ്യ വിദഗ്ധരുടെ ക്ലാസ്<br>• റോൾപ്ലേ - റോഡ് നിയമങ്ങൾ<br>• First aid kit തയ്യാറാക്കൽ<br>• First aid - Reader's theatre<br>• സ്വയസുരക്ഷ - പത്രകട്ടിംഗ്സ് ചർച്ച, ബോധവൽക്കരണം | CPTA<br>PTA |
| December | • പരീക്ഷണങ്ങൾ, നിരീക്ഷണ പ്രവർത്തനം - Globe, ICT<br>• ദേശീയ പതാക വരയ്ക്കൽ | |

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
|---|---|---|
| | • ചെറിയ ചിഹ്നങ്ങൾ തിരിച്ചറിയൽ | |
| | • ഭൂപട വായന | |
| | • എന്റെ കേരളം - ചിത്രരചന<br>കുറിപ്പ്<br>ചോദ്യോത്തരപ്പയറ്റ് | |
| | • ഭൂപ്രകൃതി തിരിച്ചറിയൽ | |
| ജനുവരി<br>ഫെബ്രുവരി | • ജീവികളുടെ കൂടുകൾ - ചിത്രശേഖരണം | |
| | • വ്യത്യസ്തതരം വീടുകൾ - Album | |
| | • വീട് നിർമ്മാണ ഇടം - സന്ദർശനം | SRG, PTA |
| | • വ്യത്യസ്തതരം ജോലികൾ - സർവ്വേ | |
| | • Interview & field visit<br>- പൊതു സ്ഥാപനം | SRG |
| മാർച്ച് | പഠനോത്സവം | PTA, MPTA<br>SRG |

ഗവ. മു. ഹ. എൽ. പി. എസ് വെട്ടിയാർ

ക്ലാസ്തല

അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 2026

STD . IV

Class Teacher : Deepa . K.R

## ആമുഖം

2025-2026 അധ്യയന വർഷത്തിൽ നാലാം ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ കർമ്മ പദ്ധതിയുടെ രൂപരേഖയാണിത്.

ഭാഷ, പരിസരപഠനം, ഗണിതം എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമ്മ പദ്ധതി, രക്ഷിതാക്കളുടെ സജീവമായ പിന്തുണ ഉറപ്പാക്കുന്ന വിധത്തിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്.

കുട്ടികളിലുണ്ടായിട്ടുള്ള പഠന വിടവുകൾ നികത്തുകയും പഠന പ്രവർത്തന

# 2025-26 അധ്യയന വർഷത്തിലെ സന്നദ്ധതാ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തീയതി | ചുമതല |
|---|---|---|---|
| **പൊതുവിഷയങ്ങൾ**<br>കുട്ടികൾക്ക് സ്കൂളിനെ അറിയാനും പരസ്പരം അറിയാനും സാധിക്കുക. | * അവധിക്കാല അനുഭവങ്ങൾ പങ്കുവെക്കൽ<br>* സ്കൂളും പരിസരവും നിരീക്ഷിക്കൽ | 3/6/25 | Class Teacher |
| **സുരക്ഷിത യാത്ര**<br>റോഡിലൂടെയുള്ള സഞ്ചാരം, റെയിൽ മുറിച്ചു കടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, മേൽപാത ഉപയോഗം, സ്കൂൾ വാഹന ഉപയോഗം എന്നിവയിൽ ശ്രദ്ധ ഉറപ്പുവരുത്തുക. | * ട്രാഫിക് ലൈറ്റുകൾ വരച്ച് നിറം നൽകൽ<br>* മോക്ക്ഡ്രിൽ | 4/6/25 | Class Teacher |

| | | | |
|---|---|---|---|
| **ശുചിത്വം**<br>വ്യക്തിശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം എന്നിവയെക്കുറിച്ച് അറിവ് നേടുക. | * ശുചിത്വ സർവേ<br>* സ്കൂളും പരിസരവും നിരീക്ഷണം<br>* ചെടി നടൽ<br>* വൃക്ഷത്തൈ നടൽ | 5/6/25 | Class Teacher |
| **പൊതുജനാരോഗ്യം**<br>പോഷണം, ശുചിത്വം, വ്യായാമം, നല്ല ഉറക്കം, മനസിന്റെ സന്തോഷം, ആരോഗ്യ മര്യാദകൾ എന്നിവയെക്കുറിച്ച് അറിവ് നേടുക. | * പോസ്റ്റർ നിർമ്മാണം<br>* സുംബാ ഡാൻസ് പരിശീലനം | 9/6/25 | Class Teacher |
| **ഡിജിറ്റൽ അച്ചടക്കം**<br>ഡിജിറ്റൽ ഉപകരണങ്ങളുടെ ഗുണങ്ങളും ദോഷങ്ങളും തിരിച്ചറിയുക. | * ചർച്ച<br>* ചാർട്ട് നിർമ്മാണം | 10/6/25 | Class Teacher |

| | | | |
|---|---|---|---|
| പൊതുമുതൽ സംരക്ഷണം<br><br>പൊതുമുതൽ സംരക്ഷണവും അതിന്റെ ആവശ്യകതയും അനിവാര്യതയും തിരിച്ചറിയു | * ഫീൽഡ് ട്രിപ്പ് | 11/6/25 | Class Teacher |
| പൊതു വിജ്ഞാനം<br><br>ജീവിതവുമായി ബന്ധപ്പെട്ട് നേടിയ പൊതുവായ അറിവ് പരിശോധിക്കുക. | * ചർച്ച | 13/6/25 | Class Teacher |

STD IV

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ | * ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. <br> * ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG <br> ക്ലാസ് ടീച്ചർ | PTA |
| വായനാ ശേഷി വളർത്തൽ | * ക്ലാസ് വായനാ കൂട്ടം <br> * ക്ലാസ് ലൈബ്രറി ഒരുക്കൽ <br> * പുസ്തക പരിചയം <br> * വായനാ പരിചയ കുറിപ്പ് <br> * ആസ്വാദന കുറിപ്പ് | വർഷം മുഴുവൻ | HM <br> SRG <br> CPTA <br> ക്ലാസ് ടീച്ചർ | PTA |
| എഴുത്ത് പരിപോഷിപ്പിക്കൽ | * പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | SRG <br> ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ലേഖനങ്ങൾ വായിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ്ടീച്ചർ | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ്ടീച്ചർ | PTA |
| നമ്മുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | * ഭക്ഷ്യമേള<br>* പാചകക്കുറിപ്പ് | വർഷത്തിലൊന്ന് | SRG<br>ക്ലാസ്ടീച്ചർ<br>PTA | |
| ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | * ഓർമ്മദിനങ്ങൾ ആചരിക്കൽ<br>* ഡോക്യുമെന്ററി പ്രദർശനം<br>* ജീവചരിത്രക്കുറിപ്പ്-പതിപ്പ് | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |

| | | | | |
|---|---|---|---|---|
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | * പ്രദേശവാസികളായ കലാകാരൻമാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കൊണ്ടുവരണം.<br>* കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

# STD IV - ENGLISH

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഇംഗ്ലീഷ് അസംബ്ലി<br>* ഇംഗ്ലീഷ് ഭാഷയിൽ വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്താൻ | ആഴ്ചയിൽ ഒരു ദിവസം അസംബ്ലി ചേരൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ മൂന്നു ദിവസം [വർഷം മുഴുവൻ] | ക്ലാസ് ടീച്ചർ | |
| * ഇംഗ്ലീഷ് തിയേറ്റർ<br>* സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ [Skit, drama, Conversation, story telling] | മൂന്ന് മാസത്തിൽ ഒരിക്കൽ | HM<br>Class Teacher<br>SMC | SMC |

| | | | | |
|---|---|---|---|---|
| * ഇംഗ്ലീഷ് കൈയെഴുത്ത്<br>* ഇംഗ്ലീഷ് ഭാഷയിലുള്ള രചനകൾ | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിൽ ഒന്ന് | Class Teacher | PTA |
| * ഇംഗ്ലീഷ് കോർണർ<br>* വായനാ പരിപോഷണം | * കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ<br>* വായനാവേദി ഒരുക്കൽ<br>* വായനാക്കുറിപ്പ്<br>* പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | PTA |
| * ഇംഗ്ലീഷ് ഫെസ്റ്റ്<br>* ഇംഗ്ലീഷ് നന്നായി വായിക്കുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ | * വായനാ മത്സരം, രചനാ മത്സരം<br>* മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | മൂന്ന് മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | PTA |

# STD IV - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളിക്കാം, ഗണിക്കാം - ചതുഷ്ക്രിയകൾ ലളിതമാക്കാൻ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ, മൂല്യനിർണ്ണയം [ഏണിയും പാമ്പും, ഡയസ് കളിയുപകരണങ്ങൾ] | വർഷം മുഴുവൻ | SRG Class Teacher | |
| ഒറിഗാമി- ഗണിതപഠനം രസകരമാക്കാൻ, കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | ഉചിതമായ സമയങ്ങളിൽ | Class Teacher | PTA |
| ഗണിതലാബ്- ഗണിതപഠന പ്രവർത്തനം സുഗമമാക്കാൻ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG Class Teacher | PTA |
| ഗണിതചുമർ- ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | Class Teacher | PTA |

| | | | | |
|---|---|---|---|---|
| ഗണിത പഠനോപകരണ ശില്പശാല - പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കാൻ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം | ആവശ്യാനുസരണം | SRG Class Teacher | PTA |
| ഗണിതമേള ഗണിതശേഷികളുടെ പ്രദർശനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | SRG Class Teacher | PTA |

# STD IV - പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിസംരക്ഷണം<br>നിരീക്ഷണം<br>അറിവുനിർമാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| ശാസ്ത്രമേള<br>ശാസ്ത്രപഠനം ലളിതവും രസകരവുമാക്കാൻ | * ശാസ്ത്ര പഠനത്തിന് സഹായകമായ സാമഗ്രികൾ ഒരുക്കൽ<br>* പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>Class Teacher | PTA |
| ശാസ്ത്രക്ലബ്ബ്<br>* ശാസ്ത്ര പഠനത്തിൽ താല്പര്യം ജനിപ്പിക്കൽ<br>* അന്വേഷണത്വര വർധിപ്പിക്കൽ | * വാന നിരീക്ഷണം<br>* സയൻസ് പാർക്ക്<br>* ശാസ്ത്ര പ്രദർശനങ്ങൾ<br>* [illegible] സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>Class Teacher | PTA |
| ഭൂപടമെഴുത്ത്<br>കേരളം-ഇന്ത്യ ഭൂപട വായന സൂചിക-പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാ നിർമ്മാണം | വർഷത്തിൽ ഒന്ന് | SRG<br>Class Teacher | PTA |

| | | | | |
|---|---|---|---|---|
| പരിസരബന്ധിത ശാസ്ത്ര പഠനം ശക്തമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>Class Teacher | PTA |
| ശാസ്ത്രോത്സവം<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്ര പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഉപകരണ പ്രദർശനം | വർഷത്തിൽ ഒന്ന് | H M<br>SRG<br>Class Teacher | PTA |
| ശാസ്ത്ര മാസിക<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിൽ ഒന്ന് | H M<br>SRG<br>Class Teacher | PTA |